## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3259 — 29/01/2014-ൽ മറുപടിക്ക്

**ആറ്റിങ്ങൽ കൊട്ടാരവും കിളിമാനൂർ കൊട്ടാരവും രാജാരവിവർമ്മ സ്മാരകവും സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ. ബി. സത്യൻ : | | ഉത്തരം<br>ശ്രീ. കെ.സി. ജോസഫ്<br>(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ആറ്റിങ്ങൽ കൊട്ടാരവും കിളിമാനൂർ കൊട്ടാരവും രാജാരവിവർമ്മ സ്മാരകവും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) | ആറ്റിങ്ങൽ കൊട്ടാരം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന്റെ പ്രാരംഭ നടപടിയായി പ്രസ്തുത സ്ഥലത്തിന്റെ റവന്യൂ വിശദാംശങ്ങൾ തിരുവനന്തപുരം ജില്ലാ കളക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 2007 ൽ വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച കിളിമാനൂർ കൊട്ടാരത്തിന്റെ നടപ്പാത നവീകരിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം 3 ലക്ഷം രൂപ ഭരണാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. രാജാരവിവർമ്മ സ്മാരക നിലയത്തിന്റെ ഗേറ്റ് വേ, മണ്ഡപം, ആംപി തിയേറ്റർ എന്നിവ ഉൾപ്പെടുന്ന ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിനായി ലളിതകലാ അക്കാദമി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള പദ്ധതിയിന്മേൽ എന്തെല്ലാം നടപടിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) | പ്രസ്തുത സ്മാരക നിർമ്മാണത്തിന് വേണ്ടി കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ